**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **11-02-2025 - ൽ മറുപടിയ്ക്ക്**

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം മേഖലയിലാണ് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നത്; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിലൂടെ പട്ടികവിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം മേഖലയിൽ ഓണറേറിയത്തോടെ തൊഴിൽ ലഭിക്കുമെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |
| (സി) | ഓരോ മേഖലയിലും എത്ര പേർക്കാണ് ഇതിനോടകം പ്രയോജനം ലഭിച്ചിട്ടുള്ളത്; | (സി) | വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപെട്ട 5067 പേർക്ക് ഹോണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. 500 (300 SC , 200 ST) എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിലും, 114 MSW ബിരുദധാരികളെ (60 SC,54 ST) സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികളെ അപ്രന്റീസ് ക്ലർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 SC, 25 ST) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമേ 2398 പേരെ (1216 SC, 1182 ST) പ്രമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് |

<table>
<tr><td></td><td></td><td></td><td>കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരേയും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>ട്രേസ് പദ്ധതിയുടെ |ഭാഗമായി രണ്ടുവർഷത്തെ പരിശീലനം നേടിയിട്ടുള്ള, സിവിൽ എൻജിനീയറിങ്ങിൽ ബിരുദമോ ടി മേഖലയിൽ ഡിപ്ലോമയോ നേടിയിട്ടുള്ള അക്രഡിറ്റഡ് എൻജിനിയർമാർക്ക് പൊതു-സ്വകാര്യ മേഖല കമ്പനികളിൽ അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് തൊഴിൽ സാഹചര്യവും മികച്ച വേതനവും ഉറപ്പുവരുത്തുക എന്നുള്ള ഉദ്ദേശത്തോടെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയും യോഗ്യരായവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഈ പദ്ധതി വളരെ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്?</td><td>(ഡി)</td><td>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപെട്ട 5067 പേർക്ക് ഹോണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. 500 (300 SC , 200 ST) എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിലും, 114 MSW ബിരുദധാരികളെ (60 SC,54 ST) സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികളെ അപ്രന്റീസ് ക്ലർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 SC, 25 ST) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമേ 2398 പേരെ (1216 SC, 1182 ST) പ്രമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരേയും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>ട്രേസ് പദ്ധതിയുടെ |ഭാഗമായി രണ്ടുവർഷത്തെ പരിശീലനം നേടിയിട്ടുള്ള, സിവിൽ എൻജിനീയറിങ്ങിൽ ബിരുദമോ ടി മേഖലയിൽ ഡിപ്ലോമയോ നേടിയിട്ടുള്ള അക്രഡിറ്റഡ് എൻജിനിയർമാർക്ക് പൊതു-സ്വകാര്യ മേഖല കമ്പനികളിൽ അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് തൊഴിൽ സാഹചര്യവും മികച്ച വേതനവും ഉറപ്പുവരുത്തുക എന്നുള്ള ഉദ്ദേശത്തോടെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയും യോഗ്യരായവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ